നമ: പങ്കജ നാഭായ നമ: പങ്കജ മാലിനേ
നമ: പങ്കജനേത്രായ നമസ്തേ പങ്കജാങ്ഘ്രയേ **(10–59–25)**
നമോ ഭഗവതേ തുഭ്യം വാസുദേവായ വിഷ്ണവേ
പുരുഷായാദിബീജായ പൂർണ്ണബോധായ തേ നമ: **(10–59–27)**

*ശുകമുനി തുടർന്നു:*
ഭൂമിദേവിയുടെ പുത്രനായ നരകാസുരൻ ഇന്ദ്രന്റെ കുടയും ഇന്ദ്രമാതാവിന്റെ കുണ്ഡലങ്ങളും മോഷ്ടിച്ചു. ഇതറിഞ്ഞ കൃഷ്ണൻ സത്യഭാമയെയും കൂട്ടി പ്രാജ്യോതിഷപുരം എന്ന സ്ഥലത്തേയ്ക്കു പറന്നു. പട്ടണത്തിനു ചുറ്റും കുറെ കോട്ടകളും ആയുധങ്ങളും ഉണ്ടായിരുന്നു. എന്നാൽ കൃഷ്ണൻ അവയെ തന്റെ ഗദകൊണ്ട് തരിപ്പണമാക്കി. കോട്ടയുടെ മതിലുകൾ കൃഷ്ണന്റെ ഗദയുടെ അടിയേറ്റു തകർന്നു. കൃഷ്ണന്റെ ശംഖധ്വനിയുടെ തീവ്രതയിൽ ആയുധങ്ങളും നശിപ്പിക്കപ്പെട്ടു. അപ്പോഴേക്കും അഞ്ചു തലയുള്ള മുരൻ എന്ന രാക്ഷസൻ തന്റെ വാസസ്ഥലമായ കടലിൽ നിന്നും കയറി വന്ന് ത്രിശൂലവുമായി കൃഷ്ണനു നേരെ ആക്രമണത്തിന് തയ്യാറായി. രാക്ഷസൻ സൂര്യതുല്യനും ആളിക്കത്തുന്ന തീപോലുള്ളവനുമായിരുന്നു. അവന്റെ അലർച്ച ഭൂമിയെ കുലുക്കി. രണ്ടസ്ത്രം കൊണ്ട് കൃഷ്ണൻ ത്രിശൂലത്തെ മുറിച്ചുടത്തു. പിന്നീട് അവന്റെ വായിൽ ആഞ്ഞൊരിടിയും. മുരൻ തന്റെ ഗദ വീശി. കൃഷ്ണനും തിരിച്ചടിച്ചു. താമസംവിനാ കൃഷ്ണൻ അവന്റെ തലകളഞ്ചും അറുത്തു. പർവ്വതം കണക്കേ അവൻ ചത്തു മലച്ചു. മുരന്റെ ഏഴു പുത്രൻമാരും കൃഷ്ണനെ എതിർത്തു. അവരെയും അവരുടെ ആയുധങ്ങളെയും കൃഷ്ണൻ തകർത്തു കളഞ്ഞു.

നരകാസുരൻ സ്വയം കൃഷ്ണനെ ആക്രമിക്കാൻ വന്നു. അയാൾ കടലാനകളാൽ ചുറ്റപ്പെട്ട് ആഗതനായി. കൃഷ്ണൻ സത്യഭാമയുമൊരുമിച്ച് ഒരാകാശരഥത്തിൽ വന്നു. നരകാസുരൻ ഒരു ചാട്ടുളി അവർക്കു നേരെ വീശി. കൃഷ്ണൻ തിരികേ അയച്ച ആയുധത്തിന് രണ്ടു ചിറകുകളുണ്ടായിരുന്നു. അത് നരകന്റെ പടയെ നാമാവശേഷമാക്കി. ഗരുഢവാഹനമേറി കൃഷ്ണൻ അസുരന്റെ ആനകളെയും നശിപ്പിച്ചു. അവ നഗരത്തിൽ കയറാൻ തുടങ്ങിയിരുന്നു. നരകൻ ഒറ്റക്ക് കൃഷ്ണനെ എതിരിട്ടു. പണ്ട് ഇന്ദ്രന്റെ മേഘാസ്ത്രത്തിനു നേരെ ഉപയോഗിച്ച് വിജയിച്ച അതേ അസ്ത്രം ഗരുഡനു നേരെ പ്രയോഗിച്ചെങ്കിലും അത് വൃഥാവിലായി. അസുരൻ വേറൊരസ്ത്രം പ്രയോഗിക്കാൻ തുടങ്ങും മുൻപ് കൃഷ്ണന്റെ ചക്രായുധം അവന്റെ കഥ കഴിച്ചു. അസുരന്റെ ബന്ധു മിത്രാദികൾ ദു:ഖിച്ചു. ബ്രാഹ്മണരും മഹാത്മാക്കളും സന്തോഷിച്ചു.

അസുരന്റെ മാതാവ് കുണ്ഡലങ്ങൾ തിരിച്ചു നൽകി. വൈജയന്തി എന്ന് പേരുള്ള മാലയും, വരുണന്റെ കുടയും മണിപർവ്വതവും കൃഷ്ണനു തിരിച്ചു നൽകി. അവർ കൃഷ്ണനോട് പ്രാർത്ഥിച്ചു. “നാഭിയിൽ താമരയുള്ള ആ ഭഗവാനായിക്കൊണ്ടു നമസ്ക്കാരം. താമരപ്പൂമാലയിട്ടവനും താമരക്കണ്ണുകളുള്ളവനും താമരക്കൈകളുള്ളവനുമായ ആ പരമപുരുഷനു നമോവാകം. അങ്ങാണ് സകലതിന്റെയും സൃഷ്ടാവും പ്രഭുവും. ദയവായി നരകന്റെ മകനായ ഈ ബാലനെ അനുഗ്രഹിച്ചാലും.”

ബാലനെ അനുഗ്രഹിച്ചിട്ട് കൃഷ്ണൻ നരകന്റെ കൊട്ടാരത്തിൽ കയറി. അവിടെ അസുരൻ തടവിലാക്കി യിരുന്ന പതിനാറായിരം രാജകുമാരിമാരെ സ്വതന്ത്രരാക്കി. അവരെല്ലാം ഐകകണ്ഠേന കൃഷ്ണനെ ഭർത്താവായി വരിക്കാൻ ആഗ്രഹിച്ചു. കൃഷ്ണൻ തന്റെ ദിവ്യശക്തിയാൽ അനേകം വ്യക്തികളായി പെരുകി ഓരോ കൊട്ടാരവുമുണ്ടാക്കി ഉത്തമനായ ഗൃഹസ്ഥനായി സഹധർമ്മിണികളുമായി ജീവിച്ചു.

നരകാസുരനുമായുള്ള യുദ്ധം അന്നുണ്ടായിരുന്നേക്കാവുന്ന ആണവായുധങ്ങളെപ്പറ്റിയും മുങ്ങികപ്പലുകളെ പ്പറ്റിയുമുള്ള വിവരണങ്ങളാൽ തുലോം ആകർഷകമത്രെ.